# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3711

15.07.2016 ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്**<br>**ശ്രീ. സി.എഫ്.തോമസ്**<br>**ശ്രീ. റ്റി.യു. കുരുവിള**<br>**ശ്രീ. തോമസ് ഉണ്ണിയാടൻ** | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്തിന്റെ വലിയ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | എ) | സംസ്ഥാനത്തിന്റെ വലിയ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മുസിരീസ് പൈതൃക പദ്ധതി, ആലപ്പുഴ മെഗാ ടൂറിസം പദ്ധതി, സ്പൈസ് റൂട്ട് പദ്ധതി, ഗ്രീൻ ടൂറിസം പദ്ധതി എന്നീ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ അടുത്ത 30 വർഷത്തെ ടൂറിസം വികസനം മുന്നിൽ കണ്ടുകൊണ്ട് കുമരകം, ഫോർട്ട് കൊച്ചി, കോവളം-പൂവാർ, തേക്കടി എന്നീ ടൂറിസം കേന്ദ്രങ്ങൾക്കായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഗോൾഡൻ വാലി, കാലടി-മലയാറ്റൂർ, ആതിരപ്പള്ളി ടൂറിസം സർക്യൂട്ട്, അഷ്ടമുടി ബാക്ക് വാട്ടർ, കക്കയം പെരുവണ്ണാമുഴി, നിലമ്പൂർ എന്നിവയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | കേരളത്തിലെ പ്രകൃതിമനോഹരമായ ഗ്രാമങ്ങളിൽ വിനോദ സഞ്ചാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | ബി) | ടൂറിസം വകുപ്പ് കിറ്റ്സ് മുഖാന്തിരം നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം കേരളത്തിലെ ഗ്രാമങ്ങളിൽ വിനോദസഞ്ചാരത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് വളരെയധികം സഹായകരമാണ്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പ്രോഗ്രാമുകൾ സഞ്ചാരികൾക്ക് ഗ്രാമങ്ങളെ അടുത്തറിയുവാൻ സഹായിക്കുന്നവയാണ് |

Anuradha

സെക്ഷൻ ഓഫീസർ